
# ബൈബിൾ ടൂത്



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This Is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O. Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **November 1994** **No. 8**


സന്ദർഭം വ്യക്തമായി മനസിലാക്കാതെ പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്യുന്നവർ ഇന്നു ധാരാളം ഉണ്ട്. എഴുത്തുകാരൻ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഏതു അവസരത്തിൽ, എന്തിനുവേണ്ടി പറഞ്ഞതാണെന്നു നാം തിരിച്ചറിയണം. ഇന്നു ലോകത്തിൽ ധാരാളം മതപരമായ ഉപദേഷ്ടാക്കൾ ഉണ്ട്. അവരിൽ മിക്കവാറും പേരുടെ പ്രസംഗ ശൈലി; വേദഭാഗങ്ങളിൽ എവിടെ നിന്നെങ്കിലും ഒരു വാക്യം എടുത്തു വായിക്കയും പിന്നെ അതിനെ അവരുടെ തോന്നലുകൾ വെച്ചുകൊണ്ട് വ്യാഖ്യാനിക്കയും ചെയ്യുന്നു. ഇതു വളരെ അപകടകരമായ ഒരു പ്രവണതയാണ്. ഒരു കാര്യത്തെക്കുറിച്ച് തീർച്ചയില്ലെങ്കിൽ അതു പറയാതിരിക്കയാണ് ധർമ്മം. സത്യത്തെ അതിന്റെ ശക്തി ക്ഷയിക്കത്തക്ക രീതിയിലാണ് ഇവരുടെ അവതരണം. സത്യം എപ്പോഴും സത്യമായി നിലകൊള്ളും. ചിലർ ഇങ്ങനെ ഉപദേശിക്കയും ജനങ്ങളെ തെറ്റു പഠിപ്പിക്കയും ചെയ്യുമെന്നു ദൈവത്തിനു മുൻകൂട്ടി അറിയാമായിരുന്നു. ആകയാൽ സഹോദരൻമാരേ, അധികം ശിക്ഷാവിധി വരും എന്നു അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കൻമാർ ആകരുത്. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലൊ.

# ഇന്നു നമുക്കു കാൽ കഴുകൽ ആചരിക്കാമോ ?

## J. C. ചോട്ട്

യോഹന്നാൻ 13:1-17 വരെയുള്ള വേദഭാഗങ്ങളിൽ യേശുക്രിസ്തു പഠിപ്പിച്ചതു ഇന്നു നാം ആചരിക്കണോ എന്നു അറിയുവാൻ ആഗ്രഹിച്ച് നമ്മുടെ മാസികാവായന ക്കാരിൽ ഒരാൾ ഒരു കത്ത് അയച്ചിരുന്നു. ഈ ഭാഗത്താണ് യേശു തന്റെ ശിഷ്യൻമാരുടെ കാൽ കഴുകിയതായി വിവ രിക്കുന്നതു. യേശുക്രിസ്തുവും തന്റെ അപ്പൊസ്തലൻ മാരും പെസഹാപെരുന്നാൾ ആഘോഷിക്കുന്ന സന്ദർഭ മായിരുന്നു. വിവരണം ഇങ്ങനെയാകുന്നു: അത്താഴത്തിൽ നിന്നു എഴുന്നേററു വസ്ത്രം ഊരിവെച്ചു ഒരു തുവർത്തു എടുത്തു അരയിൽ ചുററി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യൻമാരുടെ കാൽ കഴുകുവാനും അരയിൽ ചുററിയിരുന്ന തുണി കൊണ്ട് തുവർത്തുവാനും തുടങ്ങി. അവൻ ശിമോൻ പത്രോസിന്റെ അടുക്കൽ വന്നപ്പോൾ അവൻ അവനോടു: കർത്താവേ, നീ എന്റെ കാൽ കഴു കുന്നുവോ എന്നു പറഞ്ഞു: യേശു അവനോടു: ഞാൻ ചെയ്യുന്നത് നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും എന്നു ഉത്തരം പറഞ്ഞു. നീ ഒരു നാളും എന്റെ കാൽ കഴുകുകയില്ല എന്നു പത്രൊസ് പറഞ്ഞു. അതിനു യേശു: ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടുകൂ ടെ പങ്കില്ല എന്നു ഉത്തരം പറഞ്ഞു. അപ്പോൾ ശിമോൻ പത്രൊസ്: കർത്താവേ, എന്റെ കാൽ മാത്രമല്ല, കയ്യും തലയും കൂടെ കഴുകേണമേ എന്നു പറഞ്ഞു. (യോഹന്നാൻ 13:4-9).

യേശു അവനോടു: കുളിച്ചിരിക്കുന്നവന്നു കാൽ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല; അവൻ മുഴുവനും

ശുദ്ധിയുള്ളവൻ; നിങ്ങൾ ശുദ്ധിയുള്ളവൻ; എല്ലാവരും അല്ല താനും എന്നു പറഞ്ഞു. തന്നെ കാണിച്ചുകൊടുക്കുന്നവനെ അറിഞ്ഞിരിക്കകൊണ്ടത്രേ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു പറഞ്ഞതു. അവൻ അവരുടെ കാൽ കഴുകീട്ടു വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു അവരോടു പറഞ്ഞതു: ഞാൻ നിങ്ങൾക്കു ചെയ്തതു ഇന്നതു എന്നു അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവും ആയ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനേക്കാൾ വലിയവനല്ല; ദൂതൻ തന്നെ അയച്ചവനേക്കാൾ വലിയവനല്ല. ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാൻമാർ (യോഹന്നാൻ 13:10-17).

പരസ്യമായ ആരാധനയുടെ ഒരു ഭാഗമായി ഇന്നും കാൽ കഴുകൽ നടത്തണം എന്നു വിശ്വസിക്കുന്ന ആളാണ് കത്തെഴുതിയിരിക്കുന്നതു. അയാൾ മാത്രമല്ല; അയാൾ ബന്ധപ്പെടുന്ന കൂട്ടത്തിലുള്ള എല്ലാവരും ഈ വിശ്വാസക്കാരാണ് എന്നു കത്തിൽ നിന്നു മനസിലായി. ആരാധനയുടെ ഭാഗമായി കാൽ കഴുകൽ ആചരിക്കാമോ എന്നതാണ് ചോദ്യമെങ്കിൽ ഞങ്ങൾ അങ്ങനെ ചെയ്യുന്നില്ല. പരസ്യമായി അങ്ങനെ ചെയ്യുന്നവർ വാസ്തവത്തിൽ കർത്താവിനു അപമാനം വരുത്തുകയാണ് ചെയ്യുന്നതു. തന്നെയുമല്ല, എനിക്കു അറിവുള്ളേടത്തോളം ആഴ്ചവട്ടത്തിന്റെ എല്ലാ ഒന്നാം നാളിലും ഇത്തരം പരിശീലനം ആരാധനയുടെ ഭാഗമായി നടത്തുന്നവർ ആരും തന്നെ ഇല്ല. മറിച്ച് അവർ വർഷത്തിലൊരിക്കൽ, അല്ലെങ്കിൽ പ്രത്യേകമായ അവസരങ്ങളിൽ ഇതു ചെയ്തുകൊണ്ട് ആളുകളെ ഈ അസാധാരണ

ആചാരത്തിലൂടെ വലിയ സംഭവമെന്ന നിലയിൽ തിരിക്കുകയാണ്. അതു അവനെ ആദരിക്കുന്നതിനുപകരം തരം താഴ്ത്തുകയും ലജ്ജ വരുത്തിത്തീർക്കയും ആണ് ചെയ്യുന്നത്.

ആരാധനയുടെ ഒരു പ്രവൃത്തിയായിട്ടല്ല യോഹന്നാൻ 13-ാം അദ്ധ്യായത്തിൽ യേശു കാൽ കഴുകൽ പഠിപ്പിക്കുന്നത്. പുതിയ നിയമത്തിൽ ഒരു ഭാഗത്തും ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിക്കുവാൻ കൂടി വന്നപ്പോഴൊന്നും കാൽ കഴുകൽ നടത്തിയതായി വിവരിക്കുന്നില്ല. യേശുക്രിസ്തു അവരെ താഴ്മയുടെ പാഠം പഠിപ്പിക്കയായിരുന്നു. കർത്താവും ഗുരുവുമായ യേശു അവരുടെ കാൽ കഴുകിയെങ്കിൽ അവന്റെ ശിഷ്യന്മാർ പരസ്പരം താഴുവാനും ശുശ്രൂഷ ചെയ്യുവാനും മനസ്സുള്ളവർ ആയിരിക്കണം. തന്നെത്താൻ താഴ്ത്തിയല്ലെ മറ്റൊരാളെ സേവിപ്പാൻ ഒരാൾക്കു മനസ്സുണ്ടാകയുള്ളു. യേശുക്രിസ്തു ഓരോരുത്തർക്കും പിൻപറ്റുവാൻ ഒരു മാതൃക കാണിച്ചു തരികയാണ്. നാം ദാസന്മാരാണ് ദാസന്മാരുടെ സ്വഭാവമാണ് നമ്മിൽ ഉണ്ടാകേണ്ടതു. നമ്മുടെ യജമാനൻ കർത്താവാണ്. ദൈവമുൻപാകെ താഴ്മ ധരിച്ച് അന്യോന്യം ചെയ്യേണ്ട പ്രവൃത്തികൾ നാം ചെയ്യുവാൻ മടിക്കരുതു എന്നർത്ഥം.

യേശു താമസിച്ചിരുന്ന പ്രദേശത്തുള്ള ആളുകൾ ദൂരയാത്ര കഴിഞ്ഞും അവരുടെ പ്രവൃത്തികൾ കഴിഞ്ഞും വീട്ടിൽ മടങ്ങി വരുമ്പോൾ കാൽ കഴുകുന്ന സമ്പ്രദായം സാധാരണ സംഭവമായിരുന്നു. അതിഥികളെ സ്വീകരിക്കുവാനും സ്വാഗതം ചെയ്യുവാനും ഈ ആചാരം അവർ അനുവർത്തിച്ചിരുന്നു. രോഗികളെ സന്ദർശിക്കുമ്പോഴും കാൽ കഴുകൽ നടത്തിയിരുന്നു. യോഗ്യതയുള്ള വിധവമാർ ആരെന്നു വിവരിക്കുമ്പോൾ അപ്പൊസ്തലനായ പൌലൊസ് പറയുന്നത് ശ്രദ്ധിക്കുക", അറുപതു വയസ്സിനു താഴെയല്ലാത്ത വിധവ മക്കളെ വളർത്തുകയോ അതിഥികളെ

സൽക്കരിക്കയോ വിശുദ്ധൻമാരുടെ കാലുകൾ കഴുകുകയോ ഞെരുക്കമുള്ളവർക്കു മുട്ടു തീർക്കയോ സർവ്വ സൽപ്രവൃത്തിയും ചെയ്തുപോരുകയും ചെയ്തു എങ്കിൽ അവളെ തിരഞ്ഞെടുക്കാം (1 തിമൊഥെയോസ് 5:10). മററു പല കാര്യങ്ങളോടൊപ്പം അവൾ വിശുദ്ധൻമാരുടെ കാലുകൾ കഴുകുന്നവളുമായിരിക്കണം എന്നതു നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലൊ. ഏതു തരത്തിലുള്ള ഏർപ്പാടായിരുന്നു? രോഗികളായവരോ അംഗവൈകല്യമുള്ളവരോ ആയവരുടേതായിരുന്നോ? അല്ലെങ്കിൽ ഭൗതികമായി ആവശ്യമുള്ളവരെ കരുതുന്നു എന്ന പ്രവൃത്തിയായിട്ടായിരുന്നോ? വേറൊരു വിധത്തിൽ പറഞ്ഞാൽ ആവശ്യമുള്ളവരുടെ കാലുകളായിരുന്നു അവൾ കഴുകിയിരുന്നതു എന്നു മനസിലാക്കാവുന്നതാണ്. താഴ്മ ധരിച്ചുകൊണ്ട് ക്രിസ്ത്യാനികളായിട്ടുള്ളവർ ഇന്നു എവിടെ ആവശ്യമുണ്ടോ അവിടെ അതു ചെയ്യുവാൻ മനസു കാണിക്കണം. അല്ലെങ്കിൽ ക്രിസ്തു നമുക്കു കാണിച്ചു തന്ന മാതൃക നാം വ്യർഥമാക്കുകയായിരിക്കും ചെയ്യുക.

നമ്മുടെ സ്നേഹിതൻെറ ചോദ്യം, ആരാധനയുടെ ഭാഗമായി നാം ഇന്നു കാൽകഴുകൽ എന്ന പ്രവൃത്തി ചെയ്യുമോ എന്നതാണെങ്കിൽ അതിൻെറ ഉത്തരം ഇല്ല എന്നതാണ്. എന്നാൽ യേശു പഠിപ്പിച്ച രീതിയിലുള്ള താഴ്മ കാണിച്ചുകൊണ്ടുള്ളതും, രോഗികളുടേയോ അംഗവൈകല്യം ഉള്ളവരുടെയോ മുടന്തരുടേയോ കാലുകൾ കഴുകുന്ന പരിശീലനം നടത്തുമോ എന്ന ചോദ്യമാണെങ്കിൽ അതു ചെയ്യും എന്നതായിരിക്കും ഉത്തരം. അതു ജീവിതത്തിൽ പ്രാവൃത്തികമാക്കുകയും വേണം. ഈ ചോദ്യകർത്താവിനോടു ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. നിങ്ങളും നിങ്ങളുടെ സ്നേഹിതൻമാരും ഉൾപ്പെടുന്ന കൂട്ടം ഇത്തരത്തിൽ താഴ്മയുള്ളവരായി രോഗികളുടെയും മററു നിരാശ്രയരുടേയും ആവശ്യത്തിൽ കാൽ കഴുകുന്ന പരിശീലനം നടത്തുന്നുണ്ടോ ? വർഷത്തിലൊരിക്കൽ കാൽ കഴുകൽ ആരാധനയുടെ ഭാഗമായി വലിയൊരു കാഴ്ചയാക്കി മാററി ആളുകളെ

ബോധ്യമാക്കുന്നവർ രോഗികളെയോ മററു പ്രയാസമനുഭവിക്കുന്നവരുടെ കാലുകൾ കഴുകയോ അവരെ കുളിപ്പിക്കയോ ചെയ്യാൻ ലജ്ജിക്കുന്നവരാണ്; ഇവർ യേശുക്രിസ്തു പഠിപ്പിച്ച വിനയ സ്വഭാവത്തെ തള്ളിക്കളഞ്ഞിരിക്കയാണ്. എന്നിട്ട് വെറും ഒരു ചടങ്ങായി മാററി അതിന്റെ അർത്ഥത്തെപ്പോലും മാററിമറിച്ചിരിക്കയാണ്.

തിരുവെഴുത്തിൽ കൊടുത്തിട്ടില്ലാത്ത ഉദ്ദേശമോ പരിശീലനമോ സ്വീകരിച്ച് നടത്താതിരിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. തിരുവചനം പഠിപ്പിക്കാത്ത ഒരു കാര്യവും നമ്മിലോ മററുള്ളവരിലോ ചെലുത്താതിരിക്കാൻ നോക്കണം. കാരണം ദൈവത്തിന്റെ അരുളപ്പാടുകളാണ് ന്യായവിധിയുടെ മാനദണ്ഡം. നാം നമ്മെ തന്നെ താഴ്ത്തി യേശുവിനെയും സഹോദരൻമാരെയും സേവിക്കത്തക്ക രീതിയിൽ ആവശ്യമുള്ളവരുടെ കാൽ കഴുകുമ്പോൾ യേശു, തന്റെ ശിഷ്യൻമാരുടെ കാൽ കഴുകിയ ഉദ്ദേശവും മാതൃകയും നാം പിൻപററുകയാണ്. അതല്ലാതെ ചെയ്യുന്ന പ്രവൃത്തി നിരർത്ഥകമായി തീരും.

★

# യേശുക്രിസ്തുവിന്റെ പരീക്ഷണമോ?

**ഡേവിഡ്. സി.**

**യേശു**ക്രിസ്തുവിന്റെ അന്ത്യപരീക്ഷണം എന്ന പേരിൽ ഒരു സിനിമ ഇറക്കുകയുണ്ടായി. അതിൽ ധാരാളം വൈപരീത്യങ്ങൾ നിറഞ്ഞിരിക്കുന്നു. മററു പല കാര്യങ്ങളിലും യേശുവിനു സങ്കൽപങ്ങളും മോഹങ്ങളും ഉണ്ടായിരുന്നതായി അതിൽ ചിത്രീകരിച്ചിരിക്കയാണ്. തന്റെ

ഹൃദയത്തിൽ എപ്പോഴെങ്കിലും സ്ത്രീകളോടു മോഹം ജനിപ്പിക്കുന്ന സ്വഭാവം ഉണ്ടായിരുന്നോ? അങ്ങനെയെങ്കിൽ അവൻ പാപസംബന്ധമായി കുററമുള്ളവനായി തീരുമായിരുന്നില്ലേ? അത്തരത്തിലുള്ള ഒരു ആവിഷ്ക്കാരം തീർച്ചയായും ദൈവദൂഷണം തന്നെയാണ്. എങ്ങനെയായാലും നമുക്ക് അറിയാം യേശുക്രിസ്തു സകലത്തിലും പരീക്ഷിക്കപ്പെട്ടു. പക്ഷെ അവൻ അതിലൊന്നിനും വശംവദനായിരുന്നില്ല. അവന്റെ പരീക്ഷണത്തെ സംബന്ധിച്ച് ബൈബിൾ എന്തു പറയുന്നു എന്നു നമുക്കു പരിശോധിക്കാം.

"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു" (എബ്രായർ 4:15). എന്നാൽ പാപം ഒഴികെ എന്ന പ്രയോഗം ശ്രദ്ധിക്കുക. ഒരു കുഴപ്പത്തിൽ നിന്നു തൽക്കാലം രക്ഷപ്പെടുവാൻ കള്ളം പറയുകയോ മോഹം ഉള്ളിൽ വെച്ചുകൊണ്ടു ഒരു സ്ത്രീയെ നോക്കുകയോ ചെയ്യാത്ത പരിശുദ്ധനായിരുന്നു അവൻ. ശത്രുക്കൾക്കുപോലും അവനിൽ ഇത്തരം ആരോപണം ഉന്നയിക്കാൻ കഴിഞ്ഞില്ല.

ഈ വേദഭാഗമനുസരിച്ച് സകലത്തിലും അവൻ നമ്മെപോലെ പരീക്ഷിക്കപ്പെട്ടു എന്നു മനസ്സിലാക്കാം. ഞാനും നിങ്ങളും ആഗ്രഹിക്കുന്നതുപോലെയുള്ള ആഗ്രഹങ്ങളും തോന്നലുകളും അവനു ഉണ്ടായിരുന്നു. പക്ഷെ അതിന്റെ എല്ലാം അന്തിമ തീരുമാനം പിതാവിന്റെ ഇഷ്ടത്തിനായി വിട്ടുകൊടുത്തു. തന്റെ അപ്പൊസ്തലൻമാരോടു അവൻ ഒരിക്കൽ പറയുന്നതു കേൾക്കുക: "നിങ്ങൾ ആകുന്നു എന്റെ പരീക്ഷകളിൽ എന്നോടു കൂടെ നിലനിന്നവർ" (ലൂക്കൊസ് 22:28). അവനു നേരിട്ട പരീക്ഷണങ്ങൾ ഒററപ്പെട്ട സംഭവമായിരുന്നില്ല. തുടർച്ചയായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. അതിനു സാക്ഷികളുമുണ്ടായിരുന്നു. അപ്പോൾ അതിനപ്പുറമായി അനുമാനിക്കേണ്ട ആവശ്യമില്ല.

പിശാചിനാൽ പ്രത്യേകമായി യേശു പരീക്ഷിക്കപ്പെടുന്നതായ സാഹചര്യം നാം തിരുവെഴുത്തിൽ വായിക്കുന്നുണ്ട് (മത്തായി 4:1-11). 1 യോഹന്നാൻ 2-ാം അദ്ധ്യായം 16-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന ജഡമോഹം; കൺമോഹം ജീവനത്തിന്റെ പ്രതാപം എന്നീ മൂന്നു വിധത്തിലുള്ള പരീക്ഷണമാണ് കാണുന്നതു. കല്ല് അപ്പമാക്കി ഭക്ഷിക്കുക എന്ന ആവശ്യമാണ് സാത്താൻ ഉന്നയിക്കുന്നതു. വിശന്നിരുന്ന യേശുവിന്റെ ജഡാഭിലാഷം നിറവേററുക എന്നതു പരിശോധനയാണ്. ഏതു വിധത്തിലാണ് ? കല്ല് എടുത്ത് അപ്പമാക്കി ഭക്ഷിക്ക എന്നതാണ്. അപ്പം ഭക്ഷിക്കുന്നതോ വിശപ്പ് അടക്കുന്നതോ അല്ല പരീക്ഷണമാകുന്നതു. അതിനു നാം കണ്ടെത്തുന്ന മാർഗ്ഗമാണ് പരീക്ഷണത്തിനു വിധേയമാകുന്നതു. 40 ദിവസം ഉപവസിച്ച് ശരീരം ക്ഷീണിച്ച യേശുവിന്റെ ശാരീരികബലഹീനതയെ ചൂഷണം ചെയ്യുകയായിരുന്നു സാത്താൻ. എന്നാൽ യേശുവിന്റെ മറുപടി, മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല; ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു: യേശുവിനു നിസാരമായി ചെയ്യാൻ കഴിയുന്ന പ്രവൃത്തിയായിരുന്നു സാത്താൻ അപേക്ഷിച്ചതു. പക്ഷെ അവൻ ദൈവത്തിനു മുൻഗണന കൊടുത്തു.

പിന്നീട് ദേവാലയ ഗോപുരത്തിൽ കൊണ്ടുപോയി നിർത്തിയിട്ട് പറയുകയാണ്: നീ ദൈവപുത്രനെങ്കിൽ ഇവിടെ നിന്നു താഴത്തോട്ടു ചാടുക: നിന്നെ കുറിച്ച് അവൻ തന്റെ ദൂതൻമാരോടു കൽപിക്കും. അവൻ നിന്റെ കാൽ കല്ലിനോടു തട്ടാതവണ്ണം നിന്നെ കയ്യിൽ താങ്ങി കൊള്ളും "എന്നു എഴുതിയിരിക്കുന്നുവല്ലൊ എന്നു പറഞ്ഞു. പിശാച് വാക്യങ്ങരം ഉദ്ധരിച്ചുകൊണ്ടാണ് നേരിടുന്നതു. സ്വാർത്ഥ താൽപര്യങ്ങളെ തൃപ്തിപ്പെടുത്തുവാനാണ് വഞ്ചകൻ തന്ത്രം ആവിഷ്കരിക്കുന്നതു. എന്നാൽ ദൈവപുത്രന്റെ മറുപടി: " നിന്റെ ദൈവമായ

കർത്താവിനെ പരീക്ഷിക്കരുതു എന്നു കൂടെ എഴുതിയിരിക്കുന്നുവല്ലൊ എന്നായിരുന്നു.

അവസാനമായി പിശാച് അവനെ ഏററവും ഉയർന്നോരു മലമേൽ കൂട്ടിക്കൊണ്ടുപോയി ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ മഹത്വത്തെയും കാണിച്ചു: വീണു എന്നെ നമസ്കരിച്ചാൽ ഇതൊക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു. യേശു അവനോടു സാത്താനേ, എന്നെ വിട്ടു പോ. നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലൊ എന്നു പറഞ്ഞു. പരീക്ഷണഘട്ടത്തിൽ പോലും ദൈവവചനത്താൽ ആ അവസരങ്ങളെ അതിജീവിക്കുന്ന യേശു നമുക്ക് മാതൃക കാണിച്ചു തരികയാണ്. നമുക്കു തുല്യമായി സകലത്തിലും പരീക്ഷിക്കപ്പെട്ടിട്ടും പാപം ചെയ്യാതിരുന്ന കർത്താവിന്റെ വഴി നിങ്ങൾ പിൻപററുന്നുവോ ? "മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ നിങ്ങൾക്കു കഴിയുന്നതിനു മീതെ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടു കൂടെ അവൻ പോക്കു വഴിയും ഉണ്ടാക്കും (1 കൊരിന്ത്യർ 10:13).

★

**സ്ത്രീകൾക്കുമാത്രം**

# സ്ത്രീയുടെ വില

### ബെററി B. C.

റാഹേൽ യാക്കോബിനോടു: എനിക്കു മക്കളെ തരേണം; അല്ലെങ്കിൽ ഞാൻ മരിച്ചുപോകും എന്നു പറഞ്ഞു (ഉൽപത്തി 30:1). ലേയ തന്റെ കൊച്ചുകുട്ടികളുമായി

കഴിയുന്നതു കണ്ട റാഹേലിനു വിഷമമുണ്ടായി. കാരണം വളരെ വർഷമായി കാത്തിരുന്നിട്ടും അവൾക്കു മക്കളില്ല. അവൾ ദൈവത്തോടു ഒരു മകനായി കരഞ്ഞു അപേക്ഷി ച്ചു. അപ്പോൾ ദൈവം റാഹേലിനെ ഓർത്തു; ദൈവം അവളുടെ അപേക്ഷ കേട്ടു അവളുടെ ഗർഭത്തെ തുറന്നു. അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു; ദൈവം എന്റെ നിന്ദ നീക്കിക്കളഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. യഹോവ എനിക്കു ഇനിയും ഒരു മകനെ തരുമെന്നും പറഞ്ഞു അവനു യോസേഫ് എന്നു പേരിട്ടു (ഉൽപത്തി 30:22-24).

ഈ ഇഷ്ട സന്താനത്തെ അടുക്കൽ ഇരുത്തി ദൈവത്തെ കുറിച്ച് അവനെ ബോധവാനാക്കിയതു യാക്കോബായിരു ന്നോ ? തീർച്ചയായും അവൻ യോസേഫിനെ മാത്രമല്ല; മറ്റെല്ലാ മക്കളെയും ദൈവം തന്നോടു നേരിട്ടു അരുളി ച്ചെയ്ത അത്ഭുതകരമായ കാര്യങ്ങളെ എല്ലാം പഠിപ്പിച്ചി രുന്നു. തന്റെ ജ്യേഷ്ഠ സഹോദരനായ ഏശാവിന്റെ കോപത്തിൽ നിന്നും ഓടി രക്ഷപെടുന്ന യുവാവിന്റെ ബെഥേലിലെ സ്വപ്നം എത്ര സ്ഫുടമായി യാക്കോബ് വിവരിച്ചിരിക്കും. ഏകാന്തമായ ഒരുസ്ഥലത്തു ക്ഷീണം കൊണ്ട് പാറ തലയിണയായി ഉപയോഗിച്ച് കിടക്കുകയാ യിരുന്നു. അപ്പോഴായിരുന്നു ആ സ്വപ്നം. ഇതാ, ഭൂമി യിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിൻമേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിൻ മീതെ യഹോവ നിന്നു അരുളിച്ചെയ്തു. ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും, യിസഹാ ക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും (ഉല്പത്തി 28:12-13).

യാക്കോബിൻെറ പ്രയാണമദ്ധ്യേ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലു പിടിച്ചു. അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവൻെറ തുടയുടെ തടം തൊട്ടു; ആകയാൽ അവനോടു മല്ലു പിടിക്കയിൽ യാക്കോബിൻെറ തുടയുടെ തടം ഉളുക്കിപ്പോയി. എന്നെ വിടുക; ഉഷസ്സ് ഉദിക്കുന്നുവല്ലൊ എന്നു അവൻ പറഞ്ഞതിന്നു: നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു അവൻ പറഞ്ഞു. നിൻെറ പേർ എന്തു എന്നു അവൻ അവനോടു ചോദിച്ചതിന്നു: യാക്കൊബ് എന്ന് അവൻ പറഞ്ഞു. നീ ദൈവത്തോടും മനുഷ്യരോടും മല്ലു പിടിച്ചു ജയിച്ചതുകൊണ്ട് നിൻെറ പേർ ഇനി യാക്കോബ് എന്നല്ല യിസ്രായേൽ എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു (ഉല്പത്തി 32:24-28). ഈ സംഭവങ്ങളും അവൻ തൻെറ മക്കളോടു പറഞ്ഞിരിക്കണം. ഏശാവിൻെറ അടുക്കലേക്കു പോകാൻ ഇസ്രായേലിനെ ധൈര്യപ്പെടുത്തിയതു ദൈവം തന്നോടു കൂടെ ഉണ്ട് എന്ന ആശ്രയവും ഉറപ്പും ആയിരിക്കണം.

എന്നാൽ യോസേഫിൻെറ സ്വഭാവവും അവൻെറ സഹോദരൻമാരുടെ സ്വഭാവവും തമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നു. അതായതു ലേയയുടേയും ദാസിയുടേയും മക്കളുടെ സ്വഭാവത്തിലുള്ള അന്തരം വളരെയായിരുന്നു. ഏഴു വർഷത്തോളം ഒരു മകനുവേണ്ടി നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന റാഹേലിൻെറ ഭക്തി സ്വാധീനം ചെലുത്തി എന്നു നമുക്കു നിസംശയം പറയാം. മച്ചിയായിരുന്ന സമയമൊക്കെയും അവളുടെ വിചാരങ്ങളും സ്വപ്നങ്ങളും എല്ലാം ദൈവത്തിൽ സമർപ്പിച്ച് മകൻ ജനിച്ചാൽ എങ്ങനെ വളർത്തുമെന്ന തീരുമാനവും എല്ലാം അവൾ തൻെറ പിതാവിനോടു പറഞ്ഞിരിക്കും. മാതൃത്വത്തിൻെറ കടമ നിർവ്വഹിക്കാതിരുന്നു എന്ന് അനുമാനിക്കാൻ സാദ്ധ്യമല്ല. പന്ത്രണ്ടു പുത്രൻമാരും ഒരു പുത്രിയുമുണ്ടായിരുന്ന യാക്കൊബിൻെറ മക്കളിൽ ഒരാൾക്കു

മാത്രം ജീവിക്കുന്ന വിശ്വാസം ഉള്ളതായി നാം കാണുന്നു. തന്റെ ജീവിതത്തിൽ ദൈവപങ്കിന്റെ വിശുദ്ധിയെ അവൻ മനസിലാക്കി. അതുകൊണ്ട് യോസേഫിന്റെ വിശ്വാസം പൂർണ്ണമായും അവന്റെ അമ്മയിൽ നിന്നു കിട്ടി എന്നു പറയുന്നതിൽ തെററില്ല.

താൻ സ്നേഹിച്ച ഭാര്യയായ റാഹേലിനു യാക്കോബ് ഹൃദയം തുറന്നു കൊടുത്തു എന്നു മാനുഷികസ്വഭാവം വെച്ചുകൊണ്ടു നമുക്കു ഗ്രഹിക്കാവുന്നതാണ്. തന്നോടു ദൈവം സംസാരിച്ച സകല വചനങ്ങളും വിശ്വാസവളർച്ചക്കു ആവശ്യമുള്ളതെല്ലാം യാക്കോബ് റാഹേലിനോടു പങ്കു വെച്ചിരിക്കും. കുട്ടിയായിരുന്ന യോസേഫ് ഉറങ്ങുവാൻ പോകുന്നതിനു മുൻപ് ഈ കഥകളെല്ലാം ഓരോന്നോരോന്നായി പറഞ്ഞുകൊടുത്തിരിക്കും. തന്റെ അപ്പൻ ഒററക്കിരുന്നപ്പോൾ ദൈവം കാണിച്ചുകൊടുത്ത കോവണിയുടെ അർത്ഥമെന്ത് ? ദൈവം വാസ്തവത്തിൽ അമ്മയുടെ പ്രാർത്ഥന കേട്ടുവോ? എന്തെല്ലാമായിരുന്നു അമ്മ ദൈവത്തോടു പ്രാർത്ഥിച്ചത് ? അമ്മയുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണോ എന്നെ ദൈവം അമ്മക്കു നല്കിയതു ? തുടങ്ങിയ അനേകം ചോദ്യങ്ങൾ അവൻ റാഹേലിനോടു ചോദിച്ചിരിക്കാം.

ബാലനായിരുന്ന യോസേഫിന്റെ ഹൃദയത്തിൽ പതിച്ചതായ ആ വാക്കുകളും വിശ്വാസപാഠങ്ങളും അവനിൽ വേരൂന്നി വളർന്നു. അന്യദേവൻമാരുള്ള മിസ്രയീമിലെ നീണ്ട അടിമത്വസമയത്തു കുററാരോപണവും തടവും എല്ലാം അനുഭവപ്പെട്ടിട്ടും ദൈവം തന്നോടുകൂടെയുണ്ടെന്നും അവൻ ഒരു നാളും തന്നെ തള്ളിക്കളയുകയില്ല എന്നും ഉള്ള കാര്യം അവൻ മറന്നില്ല (ഉല്പത്തി 45:7-8). അമ്മമാരോ നമുക്കു നമ്മുടെ കുട്ടികളെ വിശ്വാസമുള്ള ജീവിതത്തിൽ വളർത്താം.

★

# ദൈവ വചനം

**ഹോലെ W. A.**

ആളുകളിൽ ദൈവം പ്രവർത്തിക്കുന്നു. "ഇച്ഛരിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലൊ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു (ഫിലിപ്പിയർ 2:13). ദൈവം സ്ത്രീ പുരുഷൻമാരിൽ പ്രവർത്തിക്കുന്നു എന്നതു ശരിയാണ്. പക്ഷെ അതു എങ്ങനെ എന്നു അറിയണ്ടേ? നമുക്കു കാണാം. ഞങ്ങൾ പ്രസംഗിച്ച ദൈവ വചനം നിങ്ങൾ കേട്ടു. മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു. വിശ്വസിക്കുന്ന നിങ്ങളിൽ അതു വ്യാപരിച്ചുകൊണ്ടിരിക്കുന്നു (1 തെസലൊനിക്യർ 2:13).

മുകളിൽ പ്രസ്താവിച്ച വേദഭാഗങ്ങളിൽ നിന്നു ദൈവം തന്റെ വചനപ്രകാരം ആളുകളിൽ പ്രവർത്തിക്കുന്നു എന്നു അന്തിമമായി തീരുമാനിക്കാവുന്നതാണ് (എബ്രാ. 4:12). മനുഷ്യന്റെ സ്വപ്നത്തിൽ കൂടെയോ, മാന്ത്രിക പ്രവർത്തിയിലൂടെയോ, ഊഹാപോഹങ്ങളിൽ കൂടെയോ ഉപായങ്ങളിലൂടെയോ ദൈവം മനുഷ്യരിൽ പ്രവർത്തിക്കുന്നില്ല. അല്ലെങ്കിൽ ഇതുപോലുള്ള നക്ഷത്ര ശാസ്ത്രമോ കൈരേഖ ശാസ്ത്രമോ തുടങ്ങിയ ഒരു വിധത്തിലും ദൈവം പ്രവർത്തിക്കുന്നില്ല എന്ന സത്യം നാം എല്ലാവരും അറിഞ്ഞിരിക്കണം. നമുക്കറിയാം ഇന്നു അനേകായിരങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ വിശ്വാസം ഉള്ളവരാണ്. പക്ഷെ ഇന്നു ദൈവം തന്റെ വചനത്തിൽ കൂടെ മാത്രം സംസാരിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ബൈബിൾ പഠിക്കുന്ന ഒരു വിദ്യാർത്ഥിയായി തീരണം എന്നു പറയുന്നതു.

ജനത്തോടു സുവിശേഷപ്രസംഗം നടത്തുന്ന സുവിശേഷപ്രസംഗകർ, ആളുകൾക്കിടയിൽ ഒരു സുവിശേഷപ്രസംഗകൻ ഉണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തികൊടുക്കണം. നാമധേയവിഭാഗങ്ങളിലെ ഉപദേഷ്ടാക്കൻമാർ പ്രസംഗിച്ച് അവസാനിപ്പിക്കുന്നതുപോലുള്ള ഉണർവ്വ് പ്രസംഗകരല്ല നമുക്കാവശ്യം. മറിച്ച് വ്യത്യാസം തെളിയിച്ചുകൊടുക്കുന്ന സത്യസന്ധരായ ആളുകളായിരിക്കണം. സത്യവും ഭോഷ്കും തമ്മിൽ ഉള്ള വ്യത്യാസം കേൾവിക്കാർ തിരിച്ചറിയണം. അതിനു സത്യം സത്യമായിട്ടു തന്നെ പ്രസംഗിക്കുന്ന പ്രസംഗകർ വേണം (യെഹെസ്കേൽ 22:26; 44:23). നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പത്ഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവർ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റേയും വാഗ്വാദത്തിന്റേയും ഭ്രാന്ത് പിടിച്ച് ചീർത്തിരിക്കുന്നു
(1 തിമൊഥെയോസ് 6:3, 4).

ദൈവത്തിന്റെ ശ്രേഷ്ഠ പ്രവാചകൻമാരിൽ ഒരാളായിരുന്നു യെഹെസ്കേൽ. അവന്റെ സന്ദേശം കേട്ടവരെല്ലാം പരസ്പരം സംസാരിക്കുന്നവരായിരുന്നു. എങ്കിലും അവന്റെ സന്ദേശം അവർ കാര്യമായി എടുത്തില്ല. ''മനുഷ്യപുത്രാ നിന്റെ സ്വജാതിക്കാർ മതിലുകൾക്കരികത്തും വീട്ടു വാതിലുകളിലും വെച്ചു നിന്നെക്കുറിച്ച് സംഭാഷിച്ചു. യഹോവയിൽ നിന്നുണ്ടായ അരുളപ്പാട് എന്തെന്ന് വന്നു കേൾപ്പിൻ എന്നു തമ്മിൽ തമ്മിലും ഓരോരുത്തൻ താന്താന്റെ സഹോദരനോടും പറയുന്നു. സംഘം കൂടി വരുന്നതുപോലെ അവർ നിന്റെ അടുക്കൽ വന്നു എന്റെ ജനമായിട്ടു നിന്റെ മുമ്പിൽ ഇരുന്നു നിന്റെ വചനങ്ങളെ കേൾക്കുന്നു; എന്നാൽ അവർ അവയെ ചെയ്യുന്നില്ല. വായ്കൊണ്ടു അവർ വളരെ സ്നേഹം കാണിക്കുന്നു; ഹൃദയമോ ദുരാഗ്രഹത്തെ പിന്തുടരുന്നു. നീ അവർക്കു മധുരസ്വരവും വാദ്യനൈപുണ്യവുമുള്ള ഒരുത്തന്റെ പ്രേമഗീതം പോലെ ഇരിക്കുന്നു. അവർ

നിൻെറ വചനങ്ങളെ കേൾക്കുന്നു; ചെയ്യുന്നില്ലതാനും. എന്നാൽ അതു സംഭവിക്കുമ്പോൾ—ഇതാ അതു വരുന്നു—അവൻ തങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടായിരുന്നു എന്നു അറിയും (യെഹെസ്കേൽ 33:30-33). ഉപദേഷ്ടാക്കൻമാർ വചനം സംസാരിക്കുന്നതിനാണ് പൌലൊസ് പഠിപ്പിച്ചതു.

''സമയത്തിലും അസമയത്തിലും.'' അതായതു ആളുകൾക്കു ആവശ്യമുള്ളപ്പോഴും അവർക്കു താൽപര്യമില്ലാത്തപ്പോഴും പ്രസംഗിക്കണം എന്നർത്ഥം (2 തിമൊഥെയോസ് 4:1-5). യാതൊരു വിഘ്നവും കൂടാതെ തങ്ങൾക്കിടയിൽ ഒരു യഥാർത്ഥ ഉപദേഷ്ടാവ് ഉണ്ടെന്നു ജനങ്ങൾ അറിയണം (യെഹസ്കേൽ 2:5; 30-33).

## ദൈവ വചനത്തെ അവിഹിതമായി കൈകാര്യം ചെയ്യൽ

'ഒരാൾ ദൈവവചനത്തിൽ വൈദഗ്ദ്യം ഇല്ലാത്ത ആളാകാം. കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കൻമാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിൻെറ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു. കട്ടിയായുള്ള ആഹാരമല്ല പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവനെല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലൊ. കട്ടിയായുള്ള ആഹാരം നൻമതിൻമകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പററുകയുള്ളു എന്നു എബ്രായ ലേഖകൻ വിവരിക്കുന്നു (എബ്രായർ 5:12-14). വചനത്തിൽ സാമർത്ഥ്യം നേടുവാൻ അഥവാ ശരിയായി അതു ഉപയോഗിക്കുവാൻ ശരിയായ പഠനം ആവശ്യമാണ്. അശ്രദ്ധമായി കേൾക്കുന്നതെന്തും പറയുവാനോ പ്രകടിപ്പിക്കുവാനോ അല്ല തുനിയേണ്ടതു. ഏതു ആയുധവും വൈദഗ്ദ്യത്തോടെ ഉപയോഗിക്കണം. അല്ലെങ്കിൽ ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കയില്ല (2 തിമൊ. 2:15).

2. തിരുവെഴുത്തുകളെ കോട്ടി മറിച്ചുകളവാൻ ഒരാൾക്കു കഴിയും. ദുർവ്യാഖ്യാനം ചെയ്യുന്ന ആളുകളുണ്ട്. അപ്പൊസ്തലനായ പൌലൊസിൻെറ ലേഖനങ്ങളെ കുറിച്ച് പത്രോസ് സൂചിപ്പിച്ചിരിക്കുന്ന ഒരു വസ്തുത നോക്കുക; "അങ്ങനെ തന്നേ നമ്മുടെ പ്രിയ സഹോദരനായ പൌലോസും തനിക്കു ലഭിച്ച ജ്ഞാനത്തിനു തക്കവണ്ണം നിങ്ങൾക്കും ഇതിനെ കുറിച്ച് സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതിയിട്ടുണ്ടല്ലൊ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളതു ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു (2 പത്രൊസ് 3:15-16). ഉദാഹരണമായി പറഞ്ഞാൽ ധാരാളം ഉപദേഷ്ടാക്കൻമാർ മർക്കൊസ് 16:16; പ്രവൃത്തി 2:38; പ്രവൃത്തി 22:16; റോമർ 6:3-4 എന്നീ വാക്യങ്ങളുടെ അർത്ഥം മുഖവിലക്ക് എടുക്കാതെ ഒന്നുകിൽ അവയെ കണ്ടില്ലെന്നു നടിക്കുന്നു. അല്ലെങ്കിൽ അതിൻെറ അർത്ഥം അവരുടെ വിശ്വാസത്തിന് അനുസരിച്ച് പ്രസ്താവിക്കുന്നു. ഇതു വളരെ പരിതാപകരമാണ്.

3. ചിലർ ദൈവവചനം ഫലപ്രദമല്ലാതാക്കുന്നു. ഇതിൻെറ അർത്ഥമെന്താകുന്നു ? പലരും ബൈബിൾ ഉപദേശം തമാശയാക്കുന്നു. പലവിധത്തിലാണ് അതു അനുഭവപ്പെടുന്നതു. ദൈവവചനം ഇന്നു അപ്രായോഗികമെന്നോ, അതിൻെറ കാലം കഴിഞ്ഞുവെന്നോ കരുതി സംസാരിക്കുകയും പ്രവർത്തിക്കുകയുമാണ് ചെയ്യുന്നതു. ചിലർ അജ്ഞരായി തന്നേ ഇരിക്കും. അതിനെ ചിത്രീകരിക്കുകയാണെങ്കിൽ ഒരു ഗ്ലാസിൽ അൽപം ചായ എടുത്ത് അതിൽ ഒരു സ്പൂൺ ഉപ്പ് ഇടുക. നിങ്ങളെ ഉൻമേഷമാക്കുവാൻ കഴിവുള്ള ചായയുടെ ഫലം ഉപ്പ് ചേർത്തതിനാൽ ഇല്ലാതാക്കി. മനുഷ്യബുദ്ധി, മാനുഷകൽപനകൾ എന്നിവ ദൈവത്തിൻെറ ഉപദേശത്തോടു ചേർക്കുമ്പോൾ അതു പ്രയോജനമില്ലാത്തതായി മാറുന്നു

(മർക്കൊസ് 7:6-13).

(തുടരും)

## വചനത്തെ എങ്ങനെ ഉപയോഗിക്കണം?

1. ദൈവവചനം വിത്താണെന്നു തിരിച്ചറിയുക (ലൂക്കൊസ് 8:11). വിത്ത് അതാതു ഫലം പുറപ്പെടുവിക്കും (ഉല്പത്തി 1:11; ഗലാത്യ 6:7-8).

2. മനുഷ്യന്റെ വചനമായിട്ടല്ല; ദൈവത്തിന്റെ സാക്ഷാൽ വചനമായിട്ടു തന്നെ അവയെ കൈക്കൊൾക (1 തെസ്സലൊനിക്യർ 2:13; ഫിലിപ്പിയർ 2:13).

3. മനുഷ്യ ഹൃദയത്തിലേക്കു ആഴമായി ഇറങ്ങുന്ന ദൈവത്തിന്റെ വാളാകുന്നു അവന്റെ വചനം (എഫെസ്യർ 6:17; എബ്രായർ 4:12).

4. ഒട്ടിച്ചു ചേർത്ത "വചനമാണ് വീണ്ടും ജനനം നടത്തുന്നതു (യാക്കോബ് 1:18; 1 പത്രൊസ് 1:22-25).

5. നിങ്ങൾ ദൈവവചനം യഥാർത്ഥമായി അനുസരിക്കണം (റോമർ 5:1-2; 6:3-4; 17-18). അങ്ങനെ അനുസരിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക.

★

# സ്നാനത്തിനുശേഷം ഞാൻ എന്തു ചെയ്യണം?

വെൻഡൽ വിങ്കലർ

1. **ഞാൻ ജീവന്റെ പുതുക്കത്തിൽ നടക്കണം:** സ്നാനത്തിൽ നാം അവനോടു കൂടെ അടക്കപ്പെടുകയും അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6:4). ദൈവത്താൽ ജനിക്കപ്പെട്ട ഒരു വ്യക്തിയും

തൻെറ പരിവർത്തനത്തിനു മുൻപുണ്ടായിരുന്ന പാപ സംബന്ധമായ സ്വഭാവം ജീവിതത്തിൽ തുടരുകയില്ല (1 യോഹന്നാൻ 3;9; റോമർ 6:1-2). വാസ്തവത്തിലുള്ള മാനസാന്തരം കൊണ്ടാണ് അതു സംഭവിക്കുന്നതു (2 കൊരിന്ത്യർ 7:10; എബ്രായർ 6:1).

**2. വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ ഞാൻ വാഞ്ഛിക്കണം:** ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ വചനമെന്ന മായമില്ലാത്ത പാൽ കുടിച്ച് വളരുവാൻ വാഞ്ഛിപ്പിൻ (1 പത്രൊസ് 2:1-2). ഇതിൻെറ അർത്ഥം 1 തിമൊഥെയോസ് 4:13 ആണെന്നു പറയാം. സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിപ്പാൻ കഴിയണമെങ്കിൽ വചനം ശുഷ്കാന്തിയോടെ വായിച്ച് പഠിക്കണം അതു ധ്യാനത്തോടെ വേണം ഉപയോഗിക്കുവാൻ. കാരണം അതു ദൈവത്തിൻെറ നിത്യവചനമാണ് (2 തിമൊഥെയോസ് 2:15; 1 തിമൊഥെയോസ് 4:15).

**3. യേശുവിൻെറ നാമത്തിനു ഞാൻ മഹത്വം കൊടുക്കണം:** ക്രിസ്ത്യാനി എന്ന നാമം ധരിച്ചിട്ട് കഷ്ടം സഹിക്കേണ്ടി വന്നാൽ ഞാൻ ലജ്ജിക്കയില്ല (1 പത്രൊസ് 4:16). അവൻെറ വിശുദ്ധവും ഉയർന്നതുമായ നാമത്തിനു ഞാൻ ഒരിക്കലും ലജ്ജ ഉണ്ടാക്കുന്ന രീതിയിൽ ജീവിക്കാവുന്നതല്ല. ലോകം മുഴുവൻ കീഴടക്കിയ മഹാനായ അലക്സാണ്ടർക്കു അവസാനം കണ്ണുനീർ ഒഴുക്കേണ്ടി വന്നു. കാരണം ഇനി മറ്റൊന്നും കീഴ്പ്പെടുത്തുവാനില്ലല്ലൊ എന്ന ചിന്തയായിരുന്നു. അവൻെറ കീഴിൽ പ്രവർത്തിക്കുന്നവർക്കിടയിൽ അലക്സാണ്ടർ എന്നു പേരുള്ള ഒരു ഭീരു ഉണ്ടായിരുന്നു. ഈ മഹാനായ ചക്രവർത്തി ആ മനുഷ്യനെ തൻെറ അടുക്കൽ വരുത്തി ഒരു ദിവസം അവനോട് ആക്രോശിച്ചു. നീ ഒന്നുകിൽ നിൻെറ ജീവിതം മാററണം അല്ലെങ്കിൽ നിൻെറ പേർ മാററണം. നാം ക്രിസ്തുവിൻെറ പേർ ധരിച്ചിരിക്കുന്നവരാണ്.

ആ നാമത്തിനു യോഗ്യമായി വേണം നാം ജീവിക്കുവാൻ അല്ലെങ്കിൽ നാം കപടഭക്തിക്കാരായി അറിയപ്പെടും.

**4. സ്ഥിരതയോടുകൂടെ വേണം ഞാൻ തുടരുവാൻ :** പെന്തെക്കൊസ്തു നാളിൽ സ്നാനം ഏററവർ അപ്പൊസ്തലൻമാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും അപ്പം നുറുക്കിയും പോന്നു (പ്രവൃത്തി 2:42). കർത്താവിൻെറ വേലയിൽ നിന്നും ഒരിക്കലും ഇളകാതെ സ്ഥിരമായി ഞാൻ ജീവിക്കണം (1 കൊരിന്ത്യർ 15:58). കർത്താവിൻെറ വേലയിൽ ഞാൻ പുറത്തും അകത്തും, മുകളിലും താഴെയും, ചൂടായും തണുപ്പായും ഇടവിട്ടിടവിട്ട് നോക്കുന്നവനാകരുതു. അസ്ഥിരത ജീവിതത്തിൽ ഒരു പ്രവൃത്തിയും ശരിയായി ചെയ്യാൻ ഉതകുന്നതല്ല.

**5. ഉയരത്തിലുള്ള കാര്യങ്ങളെ ഞാൻ അന്വേഷിക്കണം :** സ്നാനത്തിൽ നാം യേശുവിനോടുകൂടെ അടക്കപ്പെട്ട് ഉയിർത്തെഴുന്നേററു കഴിഞ്ഞവരാണ് (കൊലൊസ്യർ 2:12). ആകയാൽ ക്രിസ്തു ഉയരത്തിലുള്ളതു ചിന്തിക്കുന്നതുപോലെ ഞാനും ഉയരത്തിലുള്ള കാര്യങ്ങളെ ചിന്തിക്കണം. അതിൻെറ അർത്ഥം സ്വർഗ്ഗീയമായ വീക്ഷണമായിരിക്കണം ഉണ്ടാകേണ്ടതു. ഭൗമികമായ ചിന്തകളെ ഉപേക്ഷിക്കയും വേണം. കാരണം ഭൂമിയിലുള്ളതെല്ലാം നശിക്കുവാനുള്ളതാണ് (കൊലൊ. 3:1-2). ക്രിസ്ത്യാനികളായി തീർന്നാൽ പിന്നെ അവരുടെ മനസും താൽപര്യവും സമാന്തര രേഖക്കു തുല്യമല്ല; മറിച്ച് കുത്തനെ മുകളിലേക്കു തിരിയുന്നു. സ്വർഗ്ഗത്തിലെ നമ്മുടെ പിതാവിൻെറ വീക്ഷണത്തോടു ഓരോരുത്തരും അനുരൂപരായി മാറണം (മത്താ. 6:9). നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാണ് (മത്തായി 6:19-21). അതുകൊണ്ട് നമ്മുടെ അന്വേഷണം മുകളിലുള്ളവയായിരിക്കണം. നമ്മുടെ കണ്ണുകളെ, മനസുകളെ ഉണർത്തുക, ഉയർത്തുക.

**6. രക്ഷകനെ കുറിച്ച് ഞാൻ മററുള്ളവരോടു പറഞ്ഞുകൊണ്ടിരിക്കണം:** തന്റെ പരിവർത്തനശേഷം പൌലൊസ് ഉടനെ സുവിശേഷം മററുള്ളവരോടു പങ്കു വെക്കുവാൻ തുടങ്ങി (പ്രവൃത്തി 4:20). ക്രിസ്തുവിനെ കണ്ട വിവരം അന്ത്രെയോസും ഫിലിപ്പൊസും പത്രൊസിനോടും നഥനയേലിനോടും പറയുകയുണ്ടായി (യോഹന്നാൻ 1:40-51). നാം ജനിച്ചതു മററുള്ളവരെ നേടേണ്ടതിനാണ്. രക്ഷിക്കപ്പെട്ടതു രക്ഷിക്കുവാനാണ്. പരിവർത്തനം ചെയ്തതു പരിവർത്തനം ചെയ്യിക്കുവാനാണ്; ശിഷ്യത്വം സ്വീകരിച്ചതു ശിഷ്യൻമാരെ ഉണ്ടാക്കുവാനാണ്. "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മററുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപിക്ക (2 തിമൊ. 2:2).

★

# നിങ്ങളോടു തന്നെ പറയുക

### W. A. ഹോളി

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ശൗൽ ദാവീദിനെ നിന്ദിച്ച് പീഡിപ്പിച്ചു കൊണ്ടിരുന്നപ്പോൾ ദാവീദ് വലിയ കഷ്ടത്തിലായി. ജനത്തിൽ ഓരോരുത്തന്റെ ഹൃദയം താന്താന്റെ പുത്രൻമാരെയും പുത്രിമാരെയും കുറിച്ചു വ്യസനിച്ചിരിക്കകൊണ്ടു അവനെ കല്ലെറിയേണമെന്നു ജനം പറഞ്ഞു; ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു (1 ശമു. 30:6).

1. നിങ്ങൾക്കു ദേഷ്യം വരുമ്പോൾ നിങ്ങളോടു സംസാരിക്കുക. സ്ത്രീയായാലും പുരുഷനായാലും കിട്ടാവുന്നതിൽ വെച്ച് ഏററവും നാശകരമായ ശക്തിയാണു കോപം. സാധാരണ ഗതിയിൽ ദേഷ്യം വരിക എന്നത് ഏതൊരാളിലും എളുപ്പമാണ്. പക്ഷെ ശരിയായ വ്യക്തിയോടു, ശരിയായ അളവിൽ, ശരിയായ സമയത്തു, ശരിയായ കാരണത്തിനു, ശരിയായ രീതിയിൽ കോപിക്കുക എന്നതു ഏതൊരാളുടേയും കഴിവിൽ ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. നിങ്ങൾക്കു കോപം വരുമ്പോൾ എഫേസ്യർ 4:26, 27 വായിക്കുക. "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുതു. പിശാചിനു ഇടം കൊടുക്കരുത്".

2. നിങ്ങളുടെ കുട്ടി നിങ്ങളെ രോഷാകുലനാക്കുമ്പോൾ അല്പം നിന്നു ചിന്തിക്കുക. ഏററവും ഉചിതമായി അതിനെ, കൈകാര്യം ചെയ്യുവാൻ ശ്രമിക്കുക. നിങ്ങളോടു തന്നെ സംസാരിക്കുക. പരുഷസൂചനകൾ എടുക്കാതിരിക്കുക. എല്ലായ്പ്പോഴും നിയന്ത്രണം പാലിക്കുകയും ശാന്തത കൈവിടാതിരിക്കയും വേണം. ഒരിക്കലും കുട്ടികളെ ചീത്ത വിളിക്കാതിരിക്കുക. ഒരിക്കലും മായാത്ത വടുവായി കുട്ടികളെ ശകാരിക്കുന്നതു കാണപ്പെടുമ്പോൾ നിങ്ങളെ തകരാറിലാക്കിയ പ്രശ്നമെന്താണ്? അതു നിങ്ങളുടെ സംയമനം വിട്ടുപോകാൻ അത്രമാത്രം വിലയുള്ളതാണോ? കാലം ഉണക്കാത്ത മുറിവുകളില്ല എന്നു പറയാം.

3. മദ്യപിക്കുന്നതാണ് നിങ്ങളുടെ പ്രശ്നമെങ്കിൽ നിങ്ങളോടു തന്നെ സംസാരിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു കുടുംബവും ഒരിക്കലും മദ്യപാനം കൊണ്ട് ഇന്നുവരെ നന്നായിട്ടില്ല. മദ്യപാനം എവിടെയുണ്ടോ അവിടെയെല്ലാം, ശണ്ഠയും കലഹവും പോരാട്ടവും വിവാഹമോചനവും ആണ് നടന്നിട്ടുള്ളതു. അതിനു

പ്രതിരോധശക്തിയില്ല. അതിനു ഇരയായി തീരുന്നവർ വശീകരിക്കപ്പെട്ട് തരം താഴ്ത്തപ്പെടുന്നു. വീടിനു പുറത്തുപോയി രസത്തിനുവേണ്ടി കുടിക്കുന്നവർ പിന്നീട് വീടു പോലും കുടിച്ചു്! നശിപ്പിക്കുകയാണ്. ദയവു ചെയ്തു സദൃശ്യവാക്യങ്ങൾ 23:29-35 വരെയുള്ള വേദഭാഗങ്ങൾ വായിക്കുക. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ പറ്റാത്ത മദ്യപാന സ്വഭാവം ഉപേക്ഷിക്കുവാൻ മദ്യപാനി ഇപ്പോൾ തന്നെ തീരുമാനം എടുക്കണം. അതിന്റെ അനന്തരഫലം നിങ്ങളുടെ ആത്മാവിനെ ബാധിക്കും എന്നോർമ്മിക്കുക.

4. നിങ്ങൾ കുറ്റം കണ്ടെത്തുന്ന സ്വഭാവത്തിലേക്കു വഴുതിവീണിട്ടുണ്ടെങ്കിൽ വളരെ ഗൗരവമായി നിങ്ങളോടു തന്നെ ഈ പാപത്തെ സംസാരിക്കണം. ഈ പ്രശ്നത്തെ യേശു മുന്നറിയിച്ചിട്ടുണ്ട് (മത്തായി 7:1-4). എന്നാൽ നീതിയുള്ള വിധി നടത്തുവാൻ നമ്മെ പ്രബോധിപ്പിച്ചിട്ടുമുണ്ട് (യോഹന്നാൻ 7:24). ഒരാളുടെ നിർദ്ദേശത്തെ എന്തു തന്നെയായാലും എതിർക്കുന്ന സ്വഭാവമുള്ളവരുണ്ട്. തെറ്റുകൾ മാത്രം കണ്ടെത്തുന്ന ഒരാൾ അയാളുടെ പ്രവൃത്തിയിലെ നല്ല വശങ്ങൾ കാണാതെ പോകുന്നു. മോശമായ കാര്യങ്ങൾ, അഥവാ തെറ്റായ കാര്യങ്ങൾ മനസിലാക്കി തിരുത്തുവാൻ കഴിവുള്ളവർ സൽഗുണ പൂർത്തി പ്രാപിക്കും എന്നതു പരമാർത്ഥമാണ്. അതു ഉൾക്കൊള്ളുവാൻ കഴിയാത്തവർക്കു അതു ചൂണ്ടിക്കാണിച്ചാലും പ്രയോജനപ്പെടില്ല.

ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്ന ചില സ്ത്രീ പുരുഷൻമാർ, മൂപ്പൻമാരെ, ശുശ്രൂഷകൻമാരെ, ഗാനം നയിക്കുന്നവരെ, ബൈബിൾ പഠിപ്പിക്കുന്നവരെ കുറ്റപ്പെടുത്തുന്നതു ഒരു തൊഴിലാക്കിയിരിക്കയാണ്. അവരുടെ സഹക്രിസ്ത്യാനികളുടെ നല്ല വശത്തെ വളരെ ചുരുക്കമായേ കാണുന്നുള്ളു. ഈ വിമർശകർ ക്രിസ്തുവിന്റെ

നാമത്തിനു ഗുണം ചെയ്യുന്നതിനേക്കാൾ കൂടുതൽ ഉപദ്രവമാണ് ചെയ്യുന്നതു; അതു അവർ മനസ്സിലാക്കയുമില്ല (എഫെസ്യർ 4:31-32).

വിയറ്റ്നാം യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന സേനാധിപതിയോടു ഒരു പട്ടണത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിൻെറ പ്രതികരണം ഇപ്രകാരമായിരുന്നു: "ആ പട്ടണത്തെ സംരക്ഷിക്കുവാനുള്ള ഏക വഴി അതിനെ നശിപ്പിക്കുക മാത്രമാണ്", എത്ര ലജ്ജാകരമാണെന്ന് ഓർത്തു നോക്കു. കർത്താവിൻെറ സഭയെ നാം സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്നതു ഇതുപോലെയോ? ഒരു ക്രിസ്ത്യാനി ഇടിച്ചു കളയുന്നവനായിരിക്കരുതു; പണിയുന്നവനായിരിക്കണം; നിർമ്മാണ പ്രക്രിയയിലായിരിക്കണം ഓരോരുത്തർ.

5. നിങ്ങളിൽ ഇരുണ്ട, നിഷേധാത്മകസ്വഭാവം വളരുകയാണോ? നിങ്ങളോടു തന്നെ സംസാരിക്കുക. എല്ലാ ഭൗതികവും ആത്മികവുമായ അഭിവൃദ്ധിയും ആരംഭിക്കുന്നതു മനസിലാണ് (റോമർ 12:1-2). നിങ്ങളുടെ മനസ്സിനുള്ളിലെ ആത്മാവ് സംബന്ധിച്ച് പുതുക്കം പ്രാപിക്കണം (എഫെസ്യർ 4:23). താഴോട്ടു നോക്കിയാൽ മണ്ണും മുകളിലോട്ടു നോക്കിയാൽ ആകാശവുമാണ് കാണുന്നതു. ഈ ലേഖകൻ വിദേശത്തു പോയപ്പോൾ അവിടെ ഒരു കൊടുങ്കാററു ആഞ്ഞടിക്കുന്ന സമയത്തു ഒരു വലിയ വിമാനം പറന്നുയർന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ നല്ല സൂര്യപ്രകാശം കാണാം. കൊടുങ്കാററ് വിദൂരമായി മാറി. രോഗവും, ദുഃഖവും ബുദ്ധിമുട്ടും നമ്മുടെ ജീവിതത്തിൽ നേരിടാം. പക്ഷെ അതെല്ലാം നീങ്ങിപ്പോകുവാനുള്ളതു എന്നു നാം ഓർമ്മിക്കണം (യോഹന്നാൻ 14:1-6).

6. മററുള്ളവരുമായി സഹകരിച്ചുപോകുവാൻ അസാദ്ധ്യമായി നിങ്ങൾക്കു തോന്നുന്നുണ്ടോ? ചിലരുമായി

വ്യക്തിത്വസംഘർഷമുണ്ടായേക്കാം. എന്നാൽ അതു എല്ലാവരോടും ഉണ്ടോ ? (റോമർ 12:18). സഹോദരൻമാരേ, നിങ്ങാം പഠിച്ച ഉപദേശത്തിന്നു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിന്നെ അല്ല, തങ്ങളുടെ വയററിന്നെയത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു (റോമർ 16:17-18).

7. നിങ്ങളുടെ വിവാഹവും കുടുംബം മുഴുവനും ശ്രേഷ്ഠമായി തീരും നിങ്ങാം നിങ്ങളോടു തന്നെ സംസാരിച്ചാൽ. കുടുംബത്തെ ഭിന്നിപ്പിക്കുന്ന സംസാരം നിർത്തി അതിനെ എങ്ങനെ സംരക്ഷിച്ച് നിലനിർത്താമെന്ന് സ്വയമായി സംസാരിക്കുക. നിങ്ങളുടെ കുടുംബം ഒത്തൊരുമിച്ച് ഒരു സംഘമായി ജീവിക്കുക; ഒരു സംഘമായി പ്രവർത്തിക്കുക; ഒരു സംഘമായി ആരാധനയിൽ പങ്കെടുക്കുക എന്നാൽ മററെന്തുപോലെയും അതു അതിജീവിക്കും. ഇന്നു കാണപ്പെടുന്ന കുടുംബചഛിദ്രത്തിന്റെ കാരണം ഭവനത്തിൽ മാതൃകയില്ലാത്ത ജീവിതമാണ്. അപ്പൻമാരേ, അമ്മമാരേ നിങ്ങാംക്കു മാത്രമാണ് നല്ല മാതൃക കാണിച്ചു കൊടുക്കാൻ കഴിയുന്നതു. തമ്മിൽ തമ്മിൽ ശണ്ഠയിട്ടും വഴക്കിട്ടും അന്യോന്യം തരം താഴ്ത്തിയും കുററപ്പെടുത്തിയും കൊണ്ടിരുന്നാൽ ആ കുടുംബത്തിൽ എത്ര സമാധാനവും സൈ്വര്യവും അനുഭവപ്പെടും ! ധാർമ്മിക നീതിയോ വിവാഹ ഉടമ്പടിയിലെ പ്രതിജ്ഞയോ അവർക്കിടയിൽ പ്രശ്നമേ ആകുന്നില്ല. നിങ്ങാം നിങ്ങളോടു തന്നെ സംസാരിക്കുക. എത്ര നാാം നിങ്ങാം ഇങ്ങനെ തുടരും ? (എഫെസ്യർ 5:22-32; എബ്രാ. 13:4; മർക്കൊ. 10:2-12).

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

സമൂഹങ്ങളും വ്യക്തികളും അധികവും ഈ ലോകജീവിതത്തിന്റെ വിജയത്തിന് ആധാരമായ ഒരു ശക്തിക്കായിട്ടാണ് ദൈവത്തെയോ അഥവാ യേശുക്രിസ്തുവിനെയോ സ്വീകരിച്ചിരിക്കുന്നത്. നിത്യജീവനെക്കുറിച്ചുള്ള ഒരു പ്രത്യാശ അധികം ആരിലും അംഗീകരിക്കപ്പെടുന്നില്ല. ഭൂമിയിലെ ജീവിതം ധന്യമാക്കി തീർക്കാൻ അവർ അന്ധമായ ആചാരാനുഷ്ഠാനകർമ്മങ്ങളും മുടക്കം കൂടാതെ ചെയ്തുവരുന്നു. ഇക്കൂട്ടരും 'സകല മനുഷ്യരിലും അരിഷ്ടൻമാരത്രേ.' അറിഞ്ഞോ അറിയാതെയോ ലോകത്തിൽ അനേകായിരങ്ങൾ അരിഷ്ടതയാകുന്ന പാളയത്തിനുള്ളിൽ രക്ഷപ്പെടാൻ താൽപര്യമില്ലാതെ അടയ്ക്കപ്പെട്ടിരിക്കുകയാണ്.

ലവൊദിക്യ സഭ വളരെ സമ്പന്നമായിരുന്നു. കാരണം ധനാഢ്യരായ അനേകം വ്യക്തികൾ ആ സഭയിലെ അംഗങ്ങളായിരുന്നു. അതിനാൽ "എനിക്ക് ഒന്നിനും മുട്ടില്ല' എന്നുള്ള അഹങ്കാരം എന്ന തിമിരം സഭയെ ബാധിച്ചിരുന്നു. ഭൗതിക സമ്പത്തിന്റെ അളവു കോൽ കൊണ്ട് അളന്നാണ് ലോകമനുഷ്യർ അവരുടെ മാന്യതയുടേയും ശ്രേഷ്ഠതയുടേയും വലിപ്പച്ചെറുപ്പം നിർണ്ണയിക്കുന്നത്. കഴിഞ്ഞ സമീപകാലത്ത് സമൃദ്ധിയുടേയും സമ്പന്നതയുടേയും, ശാസ്ത്രീയമായും സാങ്കേതികമായും ഉന്നതസ്ഥാനം

അലങ്കരിച്ചിരുന്ന സോവിയററ് യൂണിയൻ രാഷ്ട്രം (U. S. S. R.) ഭൂമുഖത്തു നിന്നും എന്നന്നേക്കുമായി മാററപ്പെട്ടിട്ട്, അതൊരു ചരിത്രസംഭവമായി അവശേഷിക്കുകയാണ്. ഛിന്നഭിന്നമായ ആ രാജ്യങ്ങളിൽ ഇന്ന് അരാജകത്വവും ദാരിദ്ര്യവും മനുഷ്യരെ വേട്ടയാടികൊണ്ടിരിക്കുകയാണ്. ലോകത്തിലെ ധനവാൻമാരും സമ്പന്ന സമുദായ സംഘടനകളുമേ "നിങ്ങൾക്കു അയ്യോ കഷ്ടം; നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചുപോയല്ലോ. ഇപ്പോൾ തൃപ്തൻമാരായ നിങ്ങൾക്കു അയ്യോ കഷ്ടം. നിങ്ങൾക്ക് വിശക്കും, ഇപ്പോൾ ചിരിക്കുന്നവരായ നിങ്ങൾക്ക് അയ്യോ കഷ്ടം. നിങ്ങൾ ദുഃഖിച്ചു കരയും" (ലൂക്കോസ് 6:24, 25). "അല്ലയോ ധനവാൻമാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറ പിടിച്ചു, ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അതു തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും" (യാക്കോ, 5:1-3). "അവർ തങ്ങളുടെ സമ്പത്തിൽ ആശ്രയിക്കയും ധനസമൃദ്ധിയിൽ പ്രശംസിക്കയും ചെയ്യുന്നു" (സങ്കീ. 49:6). ലവൊദിക്യ സഭയും അപ്രകാരം പ്രശംസിച്ചിരുന്നു. "ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിന്നും മുട്ടില്ല". വാസ്തവത്തിൽ ഇന്നത്തെ സമ്പന്നമായ സമുദായസംഘടനകളും സഭകളും ഇത്തരത്തിൽ ഒന്നിന്നും മുട്ടില്ലാതെയും യാതൊരു കുഴപ്പവും ഇല്ലാത്തവയും എന്നുള്ളതല്ലാതെ മറിച്ചൊന്നു ചിന്തിക്കാൻ നമുക്കു കഴിയുന്നുണ്ടോ? ഭൗതിക നൻമകളുടെ തണലിൽ, ലോകത്തിന് അനുരൂപമായ എല്ലാ ചട്ടവട്ടങ്ങൾക്കും കുമ്പിട്ടുകൊണ്ട്, ദൈവവചനത്തെയും ക്രിസ്തുവിന്റെ ഉപദേശങ്ങളെയും തേജോവധം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് നമുക്ക് ചിന്തിക്കാൻ കഴിയണം. ഇന്നത്തെ ക്രിസ്തീയ സമുദായങ്ങളും സഭകളും അവരുടെ ഭൗതിക സമ്പന്നതയിൽ കൊഴുത്തുതടിച്ചു

പുളയുമ്പോൾ, കർത്താവ് ലവൊദിക്യ സഭയുടെ ദൂതിലൂടെ അവരുടെ ആത്മീയമായ ദാരിദ്ര്യത്തെ വെളിപ്പെടുത്തി കാണിക്കുന്നു. ''നീ ദരിദ്രനും കുരുടനും നഗ്നനും'' ആകുന്നു.

എന്നാൽ ഈ ഭൗതിക ലോകത്തിൽ ദൈവമക്കൾ ആത്മീയസമ്പന്നരാണ്, യേശുക്രിസ്തു ആണ് അവരുടെ ധനം. ദൈവത്തിന്റെ ദയ നിരന്തരമായി അവരെ ഐശ്വര്യത്തിലേക്ക് നയിക്കുന്നു. അപ്പൊസ്തലനായ പൌലോസ് പറയുന്നത്, ''എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തു യേശുവിൽ പൂർണ്ണമായി തീർത്തുതരും'' (ഫിലി. 4:19). ദൈവമക്കൾ സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താൽ അനുഗ്രഹിക്കപ്പെട്ടവരാണ്. ഭൗതികമായി ലാഭമായിരുന്നതൊക്കെയും അവർ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നവരാണ്. ഭൗതികമായി സമ്പത്തു വർദ്ധിച്ചാലും അതിൽ മനസ്സു വെയ്ക്കാത്തവരാണ്. ക്രിസ്തുവിന്റെ രക്തത്താൽ വിലക്കു വാങ്ങപ്പെട്ടവർ—ദൈവമക്കൾ—അവരുടെ നിക്ഷേപം പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിലാണ്. ലോകത്തിലുള്ള സകലത്തെയും അവയുടെ മഹത്വത്തെയും കാണുമ്പോൾ, അവയെ അവകാശമാക്കുന്നതിന് പിശാചിന്റെ മുമ്പിൽ വീണു നമസ്കരിക്കുന്നവരല്ല ദൈവത്തിന്റെ മക്കൾ! ഒരു കൊള്ളരുതായ്മക്കും കൂട്ടുനിൽക്കുന്നവരും, പ്രവൃത്തിക്കുന്നവരും അല്ല. പിന്നെയോ അവയെ എല്ലാററിനെയും വെറുക്കുന്നവരാണ് ക്രിസ്ത്യാനികൾ! ''ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന്നു തിരഞ്ഞെടുത്തില്ലയോ?'' (യാക്കോ. 2:5). ദൈവമക്കൾ അഥവാ ക്രിസ്ത്യാനികൾ ദൈവവിഷയമായി സമ്പന്നരാണ്. കർത്താവ് നമ്മെപ്പററി ആഗ്രഹിക്കുന്നതും നാം

എല്ലാവരും ദൈവവചനപ്രകാരം സമ്പന്നരായിരിക്കണമെന്നുള്ളതാണ്. ക്രിസ്തു യേശുവിലൂടെ ആത്മിക സമ്പന്നരാകാത്ത ആരും തന്നെ ആയിരുന്നാലും, അവർ ഭൗതികമായ നിലപാടിൽ എത്ര തന്നെ ഉയർന്നവരായാലും അവർ നിത്യവും ദരിദ്രരായിരിക്കും. ലവൊദിക്യ സഭയുടെ അവസ്ഥയും അതു തന്നെയായിരുന്നു. ഇന്നു കാണപ്പെടുന്ന മിക്ക സഭകളുടേയും, സമുദായ സംഘടനകളുടേയും അവസ്ഥയും അതു തന്നെയാണ്. വായനക്കാരാ! നിങ്ങളുടെ അവസ്ഥയും ദാരിദ്ര്യത്തിൽ അധഃപതിച്ചതാണോ? ഒരു നിമിഷം നിങ്ങളുടെ മനസാക്ഷിയോടു ചോദിക്കുമോ?

കാഴ്ച നഷ്ടപ്പെട്ടവരെ കുരുടർ എന്നാണല്ലോ വിളിക്കാറുള്ളത്. അകമേ ഉള്ള കാഴ്ചയും നഷ്ടപ്പെട്ടവനാണെങ്കിൽ അവൻ പരിപൂർണ്ണമായും അന്ധകാരം നിറഞ്ഞവനാണ്. സമൂഹത്തിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടവരുടെ അവസ്ഥ എത്ര പരിതാപകരമാണ്! മനോഹരമായ ലോകത്തിന്റെ ദൃശ്യഭംഗി അവർക്കു മറവായിരിക്കുകയാണ്. അവർക്ക് ചുററും, എല്ലായിടവും ഇരുട്ടു നിറഞ്ഞിരിക്കുന്നു. യാതൊന്നിന്റേയും രൂപം അവർക്ക് ദൃശ്യമല്ല. എന്നാൽ ലവൊദിക്യ സഭയെ കുരുടൻ എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത് അവരുടെ കണ്ണിന്റെ പുറമേ ഉള്ള കാഴ്ച നഷ്ടപ്പെട്ടവരായിട്ടല്ല, പിന്നെയോ അവർക്ക് അകമേ ഉള്ളതു, ആത്മീയ കാഴ്ച തീർത്തും ഇല്ലാത്തവരായതുകൊണ്ടാണ്. ലവൊദിക്യ സഭയിലെ ദൈവമക്കൾ എന്നവർ അഭിമാനിച്ചിരുന്നുവെങ്കിലും അവർ ഓരോരുത്തരും തികച്ചും ആത്മീയ തിമിരം പിടിപെട്ട അവിശ്വാസികളായിരുന്നു. ദൈവപ്രതിമയായ യേശുക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ ശോഭ ദർശിക്കുവാനും അനുഭവിക്കാനും കഴിയാതവണ്ണം അവരുടെ ഹൃദയം കുരുടായി തീർന്നിരുന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2 45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM** —The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

# യേശു : ആശ്വാസ കർത്താവ്

## സുവിശേഷ യോഗങ്ങൾ

സ്ഥലം — **ഹസ്സൻ മരക്കാർ ഹാൾ**
(AKG സെൻററിനു സമീപം, പാളയം)

തീയതി — **1994 ഡിസംബർ 28, 29, 30**
(ബുധൻ, വ്യാഴം, വെള്ളി)

സമയം — **വൈകുന്നേരം 6.30-ന്**

പ്രസംഗകൻ — **Bro. പി. കെ. വർഗീസ്**
(സത്യനാദം റേഡിയോ പ്രഭാഷകൻ)

സംബന്ധിക്കുക - ആശ്വാസം നേടുക - അനുഗ്രഹം പ്രാപിക്കുക.

**സൗജന്യ ഫിലിം പ്രദർശനം**

**ഏവർക്കും സ്വാഗതം**

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378